വിതരണ മേഖല: എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വൈദ്യുതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 20 ലക്ഷം കണക്ഷനുകൾ നൽകാനും 9500 കി.മീ. 11 കെ. വി. ലൈൻ നിർമ്മിക്കാനും 27500 കി. മീ. എൽ.റ്റി. ലൈൻ വലിക്കാനും 10,000 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും ഒരു ലക്ഷം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനും 10 ലക്ഷം കേടായ മീറ്ററുകൾ മാറിസ്ഥാപിക്കാനും പത്താം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ടിരിക്കുന്നു.

മേൽപ്പറഞ്ഞവ കൂടാതെ പഴയ ജലവൈദ്യുത പദ്ധതികളുടെ നവീകരണവും, പുനരുദ്ധാരണ പണികളും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. പള്ളിവാസൽ (37.5 എം. ഡബ്ലിയു.) ചെങ്കുളം (48 എം. ഡബ്ലിയു.) പന്നിയാർ (30 എം. ഡബ്ലിയു.) പദ്ധതികളുടെ പണി പൂർത്തിയായി. നവീകരണ പുനരുദ്ധാരണ പണികൾ പൂർത്തിയാകുമ്പോൾ ശബരിഗിരി പദ്ധതിയിടെ സ്ഥാപിതശേഷി ഇപ്പോഴുള്ള 300 എം. ഡബ്ലിയു.-ൽ നിന്നും 335 എം. ഡബ്ലിയു. ആകും. നേര്യമംഗലം, പെരിങ്ങൽകുത്ത്, കുറ്റ്യാടി എന്നീ പദ്ധതികളുടെ നവീകരണ പുനരുദ്ധാരണ ജോലികളും പത്താം പദ്ധതിക്കാലത്ത് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി, ഡി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

(ഇ) ഉണ്ട്.

(എഫ്) 1. പദ്ധതികൾക്ക് വേണ്ടിയുള്ള കേന്ദ്ര അനുമതികൾ ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡിൽ ഒരു പ്രത്യേക എൻവയോൺമെന്റ് സെൽ നിലവിലുണ്ട്.

2. സമയബന്ധിതമായി തീർക്കാവുന്ന പദ്ധതികൾ കണ്ടെത്തി പ്രോജക്ട് മാനേജർമാരുടെ കീഴിലാക്കുകയും അവർക്ക് ആവശ്യമായ അധികാരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

3. എല്ലാ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും കോർപ്പറേറ്റ് ഓഫീസിൽ നിരന്തരമായി നിരീക്ഷിച്ചുവരുന്നു.

വൈദ്യുതി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ പദ്ധതി

124 [864] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തമാണോ; ഇല്ലെങ്കിൽ ഇതിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്;

† അനുബന്ധം XIII.

‡ അനുബന്ധം XIII എ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു; വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വീണ്ടും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സ്വയം പര്യാപ്തമല്ല. പത്താം പദ്ധതിക്കാലത്ത് 440.35 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 161 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. കേന്ദ്ര പൂളിൽ നിന്നും 470 മെഗാവാട്ട് പത്താം പദ്ധതിക്കാലത്ത് ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രണ്ടുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു. 10-8-2001 മുതൽ 25%-ഉം 1-10-2002 മുതൽ ഏകദേശം 20% എന്ന നിരക്കിലായിരുന്നു വർദ്ധനവ്.

(സി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കേണ്ടത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്. 2004-05 വർഷത്തെ സംബന്ധിച്ച് വൈദ്യുതി ബോർഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ കമ്മീഷന്റെ പരിശോധനയിലാണ്. കമ്മീഷന്റെ തീരുമാനത്തിനനുസൃതമായി മാത്രമേ വൈദ്യുതി നിരക്കുകളിൽ മാറ്റം വരുത്തണമോയെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളു.

വൈദ്യുതി ഉല്പാദന സ്ഥാപിത ശേഷി

125 [866] ഡോ. തോമസ് ഐസക്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതുതായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സ്ഥാപിത ശേഷി വർദ്ധന ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ എത്ര മെഗാവാട്ടിന്റേതാണ്;

(ബി) ലക്ഷ്യമിട്ട പദ്ധതികളെ സംബന്ധിച്ച് വിശദമാക്കാമോ; ഈ സർക്കാർ ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതിയുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുകയുണ്ടായി; അവ ഏതൊക്കെ പദ്ധതികളിലൂടെയാണ്;

(സി) വൈദ്യുതി ഉപഭോഗം ഏറ്റവും അധികമുള്ള സമയത്ത് സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ആവശ്യകത എത്ര മെഗാവാട്ടാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly